# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വാണിയംകുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2019-2020**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**പാലക്കാട്-678001**

**ഇ-മെയിൽ: dopkd.ksad@kerala.gov.in**

**ഫോൺ : 0491-2520145**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-PKD16/1380/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 18/11/2021
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വാണിയംകുളം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : വാണിയംകുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാണിയംകുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-PKD16/1380/21 തീയ്യതി: 18/11/2021

## പാലക്കാട് ജില്ലയിലെ വാണിയംകുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്:

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ വാണിയംകുളം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-09-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സതീശൻ എൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 04-10-2021 | 22-10-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-10-2021 | 22-10-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

പ്രകാശ് ബാബു കെ.ആർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)
എ.ബി.സുരേഷ്, അസി.ഓഡിറ്റ് ഓഫീസർ
കെ.പി.രാമകൃഷ്ണൻ, അസി.ഓഡിറ്റ് ഓഫീസർ
കെ.വി.രാജൻ, സീനി.ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.എം പ്രിയ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.ശിവപ്രസാദ് എസ് | സെക്രട്ടറി | 01-04-2019 | 12-07-2019 |
| ശ്രീ.വിനോദ്.എ.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-07-2019 | 17-07-2019 |
| ശ്രീമതി ജയലക്ഷ്മി.എ | സെക്രട്ടറി | 18-07-2019 | 18-12-2019 |
| ശ്രീ വിനോദ് എ കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 19-12-2019 | 31-12-2019 |
| ശ്രീ.ഷാജി .കെ.കെ | സെക്രട്ടറി | 01-01-2020 | 31-03-2020 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ വിനോദ് എ കെ | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| ഡോ. വി.ജ്യോതിഷ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ഡോ.സിനി പി.എം | മെഡിക്കൽ ഓഫീസർ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| | (ആയുർവേദ) | | |
| ഡോ.ലക്ഷമി എം എസ് | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2019 | 22-03-2020 |
| ഡോ.ജിഷ പി വി | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 23-03-2020 | 31-03-2020 |
| ഡോ.ഉഷ | വെറ്ററിനറി സർജ്ജൻ | 01-04-2019 | 09-08-2019 |
| ഡോ.നീത കെ നായർ | വെറ്ററിനറി സർജ്ജൻ | 10-08-2019 | 31-03-2020 |
| ശ്രീമതി ജയകല എം | ഹെഡ് മിസ്ട്രസ് | 01-04-2019 | 31-03-2020 |
| ശ്രീമതി.പ്രസന്ന | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ വിഷ്ണു.ആർ | അസി. എഞ്ചിനിയർ | 01-04-2019 | 23-01-2020 |
| Sanakan S | Assistant Engineer | 24-01-2020 | 31-03-2020 |
| ശ്രീമതി ബിന്ദു ടി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി ശാലിനി എസ് ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ ശരത്ത് മോഹൻ | കൃഷി ഓഫീസർ | 01-04-2019 | 15-09-2019 |
| ശ്രീമതി ജാസ്മിൻ പി എച്ച് | കൃഷി ഓഫീസർ | 16-09-2019 | 31-03-2020 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: K.R.Prakashbabu (Audit Officer, On 09-10-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 09-10-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: K.R.Prakashbabu (Audit Officer, On 09-10-2021)<br>Last Updated By: Haseena KU (Computer Assistant, On 16-11-2021) | 1-2 |
| 3 | വാർഷിക കണക്ക്-അപാകതകൾ<br>Written By: K.R.Prakashbabu (Audit Officer, On 29-10-2021)<br>Last Updated By: Haseena KU (Computer Assistant, On 15-11-2021) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: K.R.Prakashbabu (Audit Officer, On 04-10-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 09-10-2021) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: K.R.Prakashbabu (Audit Officer, On 09-10-2021)<br>Last Updated By: Haseena KU (Computer Assistant, On 16-11-2021) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: K.R.Prakashbabu (Audit Officer, On 04-10-2021)<br>Last Updated By: Haseena KU (Computer Assistant, On 17-11-2021) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: K.R.Prakashbabu (Audit Officer, On 08-10-2021)<br>Last Updated By: Haseena KU (Computer Assistant, On 16-11-2021) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: K.V.Rajan (Senior Grade Auditor, On 10-10-2021)<br>Last Updated By: Haseena KU (Computer Assistant, On 17-11-2021) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: K.V.Rajan (Senior Grade Auditor, On 10-10-2021)<br>Last Updated By: Haseena KU (Computer Assistant, On 15-11-2021) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: K.R.Prakashbabu (Audit Officer, On 10-10-2021)<br>Last Updated By: Haseena KU (Computer Assistant, On 15-11-2021) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: K.R.Prakashbabu (Audit Officer, On 10-10-2021)<br>Last Updated By: Haseena KU (Computer Assistant, On 15-11-2021) | 1-10 |
| 12 | തൊഴിൽ നികുതി-'വിമുക്തഭടന്മാർക്ക്' ഇളവ് -രു.14500.00 രൂപ നഷ്ടം<br>Written By: K.V.Rajan (Senior Grade Auditor, On 27-10-2021)<br>Last Updated By: Haseena KU (Computer Assistant, On 18-11-2021) | 1-11 |
| 13 | ഔട്ട് സോഴ്സിങ്ങ് ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല<br>Written By: K.V.Rajan (Senior Grade Auditor, On 28-10-2021)<br>Last Updated By: Haseena KU (Computer Assistant, On 17-11-2021) | 1-12 |
| 14 | തൊഴിൽ നികുതി റിട്ടേണുകൾ ക്രമപ്രകാരമാണോയെന്ന് പരിശോധന നടത്തുന്നില്ല<br>Written By: K.V.Rajan (Senior Grade Auditor, On 29-10-2021)<br>Last Updated By: Haseena KU (Computer Assistant, On 18-11-2021) | 1-13 |
| 15 | 4/1264 -ാം നമ്പർ കെട്ടിടത്തിന് ചട്ടവിരുദ്ധമായി നികുതി ഇളവ് അനുവദിച്ചു<br>Written By: K.V.Rajan (Senior Grade Auditor, On 29-10-2021)<br>Last Updated By: Haseena KU (Computer Assistant, On 17-11-2021) | 1-14 |
| 16 | ഉപയോഗക്രമത്തിനനുസരിച്ച് വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല<br>Written By: K.V.Rajan (Senior Grade Auditor, On 29-10-2021)<br>Last Updated By: Haseena KU (Computer Assistant, On 17-11-2021) | 1-15 |
| 17 | കരാറുകാരന് പ്രവൃത്തിയുടെ തുക അനുവദിച്ചപ്പോൾ ടാർ ബാരലിന്റെ തുക ഈടാക്കിയിട്ടില്ല.<br>Written By: K.R.Prakashbabu (Audit Officer, On 27-10-2021)<br>Last Updated By: Haseena KU (Computer Assistant, On 17-11-2021) | 1-16 |
| 18 | തെരുവു നായ്ക്കളുടെ പ്രജനന നിയന്ത്രണ പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: A B Suresh (Asst. Audit Officer, On 29-10-2021)<br>Last Updated By: Haseena KU (Computer Assistant, On 17-11-2021) | 1-17 |
| 19 | അസാധാരണ ചെലവുകൾ-രജിസ്റ്റർ പരിപാലിച്ചിട്ടില്ല<br>Written By: A B Suresh (Asst. Audit Officer, On 29-10-2021)<br>Last Updated By: Haseena KU (Computer Assistant, On 17-11-2021) | 1-18 |
| 20 | ദുരിതാശ്വാസ നിധിയിൽനിന്നും അനുവദനീയമായതിൽ കൂടുതൽ തുക നൽകി<br>Written By: A B Suresh (Asst. Audit Officer, On 29-10-2021)<br>Last Updated By: Haseena KU (Computer Assistant, On 17-11-2021) | 1-19 |
| 21 | തൊഴിലുറപ്പു പദ്ധതി - വൈവിദ്ധ്യമാർന്ന പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ ശ്രമിക്കേണ്ടതാണ്.<br>Written By: K.R.Prakashbabu (Audit Officer, On 29-10-2021)<br>Last Updated By: Haseena KU (Computer Assistant, On 17-11-2021) | 1-20 |
| | **ഭാഗം 2** | |

| | | |
|---|---|---|
| 1 | തൊഴിൽ നികുതി-'വിമുക്തഭടന്മാർക്ക്' ഇളവ് -രൂ.14500.00 രൂപ നഷ്ടം<br>Written By: K.V.Rajan (Senior Grade Auditor, On 29-10-2021)<br>Last Updated By: Haseena KU (Computer Assistant, On 18-11-2021) | 2-1 |
| **ഭാഗം 3** | | |
| 1 | കരാറുകാരന് പ്രവൃത്തിയുടെ തുക അനുവദിച്ചപ്പോൾ ടാർ ബാരലിന്റെ തുക ഈടാക്കിയിട്ടില്ല<br>Written By: K.R.Prakashbabu (Audit Officer, On 10-11-2021)<br>Last Updated By: Haseena KU (Computer Assistant, On 17-11-2021) | 3-1 |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: K.R.Prakashbabu (Audit Officer, On 25-10-2021)<br>Last Updated By: Haseena KU (Computer Assistant, On 18-11-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: K.R.Prakashbabu (Audit Officer, On 10-10-2021)<br>Last Updated By: Haseena KU (Computer Assistant, On 17-11-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: K.R.Prakashbabu (Audit Officer, On 10-10-2021)<br>Last Updated By: Haseena KU (Computer Assistant, On 17-11-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: K.R.Prakashbabu (Audit Officer, On 25-10-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 25-10-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: K.R.Prakashbabu (Audit Officer, On 25-10-2021)<br>Last Updated By: Haseena KU (Computer Assistant, On 17-11-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: K.R.Prakashbabu (Audit Officer, On 25-10-2021)<br>Last Updated By: Haseena KU (Computer Assistant, On 18-11-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: K.R.Prakashbabu (Audit Officer, On 27-10-2021)<br>Last Updated By: Haseena KU (Computer Assistant, On 17-11-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: K.R.Prakashbabu (Audit Officer, On 25-10-2021)<br>Last Updated By: Haseena KU (Computer Assistant, On 17-11-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: K.R.Prakashbabu (Audit Officer, On 25-10-2021)<br>Last Updated By: K.R.Prakashbabu (Audit Officer, On 25-10-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: K.R.Prakashbabu (Audit Officer, On 28-10-2021)<br>Last Updated By: Haseena KU (Computer Assistant, On 18-11-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: K.R.Prakashbabu (Audit Officer, On 25-10-2021)<br>Last Updated By: Haseena KU (Computer Assistant, On 16-11-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഓഡിറ്റ് ചെയ്ത വരവ് ചെലവ് പത്രിക-സംക്ഷിപ്തം | |

## ഭാഗം -1

### 1-1 ബജറ്റ്

2019-20വർഷത്തെ ബജറ്റ് 20/02/2019 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. വാർഷിക ബജറ്റ് പുതുക്കി അംഗീകാരം നേടിയിട്ടുണ്ട് (തീരുമാനം നം.1/26-2-2020). ബജറ്റ് വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 25672765 | 279110307 | 304783072 | 302919422 | 1863650 |

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2020 | 01-06-20 | ----- | ----- |

### 1-2-1 വാർഷിക കണക്ക്-അപാകതകൾ

1) MNREGS അഡ്മിനിസ്ട്രേഷൻ ചെലവുകൾ ശരിയായ ഹെഡിൽ രേഖപ്പെടുത്തിയിട്ടില്ല. വാർഷിക കണക്കിൽ (RP-16) 12,57,267/- രൂപയാണ് ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത്. MNREGS ക്യാഷ് ബുക്ക് പ്രകാരം യഥാർത്ഥ അഡ്മിനിസ്ട്രേഷന് ചെലവ് 19,41,677/- രൂപയാണ്.

2) ലൈഫ് ഭവന പദ്ധതി സംസ്ഥാന വിഹിതം 50,00,000/- രൂപ ലഭിച്ചത് Grant Fund & Contribution Specific Purposes-Other Than Development Fund എന്ന ശീർഷകത്തിൽ വരവ് വെക്കുന്നതിന് പകരം Grant Fund & Contribution Specific Purposes-Other Than Development Fund എന്ന ശീർഷകത്തിൽ 18,00,000/- രൂപയും Other Awards From State Govt എന്ന ശീർഷകത്തിൽ 32,00,000/- രൂപയുമാണ് വരവ് വെച്ചിരിക്കുന്നത്.

3) സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ഫണ്ടിൽ 12,00,000/- രൂപ നീക്കിയിരുപ്പ് (B-4) കാണുന്നു. എന്നാൽ പ്രസ്തുത ഫണ്ട് ഉപയോഗിച്ച് കംഫർട്ട് സ്റ്റേഷൻ നിർമ്മിക്കുന്നതിന് (പ്രോജക്ട് 295/2020) 11,95,898/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. രജിസ്റ്റർ പ്രകാരം നീക്കിയിരുപ്പ് 4,102/- രൂപയാണ്.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 54250735.78 |
| വരവ് | 87224617 |
| ആകെ | 141475352.78 |
| ചെലവ് | 84960399 |
| നീക്കിയിരിപ്പ് | 56514953.78 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 14118588/- | 14118588/- | 9234276/- | 4884312/- |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 14006765/- | 14006765/- | 8921406/- | 5085359/- |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 0 | 6035000/- | 6035000/- | 9764637/- | 3729637/- |

| | | | | | |
|---|---|---|---|---|---|
| (ACR പ്രകാരം) | | | | | |
| മെയിന്റനൻസ് ഗ്രാന്റ് നോൺ-റോഡ് (ACR പ്രകാരം) | 0 | 4332000/- | 4332000/- | 2272017/- | 2059983/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 11387807/- | 11387807/- | 6500802/- | 4887005/- |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | |
| TSC | 160321/- | 6494/- | 166815/- | 0 | 166815/- |
| ICDS | 505332/- | 560038/- | 1065370/- | 1065370/- | 0 |

**1-5 പദ്ധതി അവലോകനം**

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 291 | 159955365/- | 155 | 61089357/- | 0 | 136 | 53 |

**നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ**

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4 | 5793660/- | 5479965/- | 95 |
| വി.ഇ.ഒ | 13 | 11 | 43027512/- | 16624982/- | 38 |
| ICDS സൂപ്പർവൈസർ | 8 | 4 | 6175478/- | 3313813/- | 54 |
| സെക്രട്ടറി | 47 | 28 | 21199040/- | 6585290/- | 31 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 200 | 93 | 75459761/- | 23893591/- | 32 |
| മെഡിക്കൽ ഓഫീസർ-PHC | 3 | 3 | 900000/- | 769429/- | 85 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 500000/- | 500000/- | 100 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 1500000/- | 662547/- | 44 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 900000/- | 900000/- | 100 |
| അസി.സെക്രട്ടറി | 1 | 1 | 49914/- | 49914/- | 100 |
| വെറ്ററിനറി സർജ്ജൻ | 3 | 3 | 1930000/- | 610526/- | 32 |
| ഹെഡ് മിസ്ട്രസ് | 9 | 5 | 2520000/- | 1699300/- | 67 |
| ആകെ | 291 | 155 | 159955365/- | 61089357/- | 38 |

**1-6 തൊഴിലുറപ്പ് പദ്ധതി**

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 38403/- | 2698292/- | 2736695/- | 1941677/-* | 795018/- |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 18137754/- | 18137754/- | 18137754/- | 0 |
| ആകെ | 38403/- | 20836046/- | 20874449/- | 20079431/- | 795018/- |

* അഡ്മിനിസ്ട്രേഷൻ ചെലവുകൾ ശരിയായ ഹെഡിൽ രേഖപ്പെടുത്തിയിട്ടില്ല വാർഷിക കണക്കിൽ 1257267/- രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. MNREGS ക്യാഷ് ബുക്ക് പ്രകാരം യഥാർത്ഥ ചെലവ് 1941677/- രൂപയാണ്.

**1-7 ക്ഷേമ പദ്ധതികൾ**

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 98640/- | 120 |
| കർഷകതൊഴിലാളി പെൻഷൻ | 3784800/- | 636 |
| വിധവാ പെൻഷൻ | 7415400/- | 1245 |
| വാർദ്ധക്യകാല പെൻഷൻ | 14751000/- | 2566 |
| വികലാംഗ പെൻഷൻ | 2289400/- | 387 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 1714800/- | 286 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 540000/- | 18 |

**1-8 ക്യാഷ് പരിശോധന**

ഇതുമായി ബന്ധപ്പെട്ട വിവരങ്ങൾ ഇതോടൊപ്പം പുറപ്പെടുവിക്കുന്ന 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**1-9 ആഭ്യന്തരനിയന്ത്രണം**

ഇത് സംബന്ധിച്ച പരാമർശങ്ങൾ ഇതോടൊപ്പം പുറപ്പെടുവിക്കുന്ന 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിട്ടുണ്ട്.

**1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം**

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാല യളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 09-09-2021 | ജൂലൈ, ആഗസ്റ്റ് 2021 | 09-09-2021 | ഇല്ല |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.9.2006 മുതൽ 06.10.2006വരെ | 1997-98 | 15.11.2006 | ഇല്ല |

| | | | | | |
|---|---|---|---|---|---|
| | | | മുതൽ 2005-06 വരെ | | |

**1-11 തൊഴിൽ നികുതി-'വിമുക്തഭടന്മാർക്ക്'' ഇളവ് -രൂ.14500.00 രൂപ നഷ്ടം**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വിമുക്തഭടന്മാർ തൊഴിൽ നികുതി അടവാക്കുവാൻ ബാധ്യസ്ഥരാണ്. കൂടാതെ തദ്ദേശ സ്വയംഭരണ സെക്രട്ടറിയുടെ 15.10.2010 ലെ 34134/ എഫ്.എം.1/ 2007 നമ്പർ കത്ത് പ്രകാരം വിമുക്തഭടന്മാരെ തൊഴിൽ നികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കുവാൻ കഴിയില്ലെന്ന് സ്പഷ്ടീകരണം നൽകിയിട്ടുമുണ്ട്. പി.കെ.ദാസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലെ ജീവനക്കാരുടെ 2019-20 വർഷം ജീവനക്കാരുടെയും ഡോക്ടർമാരുടെയും തൊഴിൽ നികുതി പത്രികകളിൽ 'വിമുക്തഭടൻ' എന്ന രേഖപ്പെടുത്തി നികുതി അടവാക്കാത്തതുമൂലം ഗ്രാമ പഞ്ചായത്തിന് ഒന്നാം അർധ വർഷം 13250.00 രൂപയും 2019-20 രണ്ടാം അർധ വർഷം 1250.00 രൂപയും നഷ്ടം (ആകെ 14500.00) ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 2-1 ആയി ചേർത്തിട്ടുണ്ട്.

**1-12 ഔട്ട് സോഴ്സിങ്ങ് ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല**

പി. കെ. ദാസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലെ ഹൗസ് കീപ്പിങ്ങ് വിഭാഗം, സെക്യൂരിറ്റി വിഭാഗം മുതലായവയിലെ ഒരു ജീവനക്കാരന്റെ പോലും തൊഴിൽ നികുതി 2019-20 ഒന്ന്, രണ്ട് അർധ വർഷങ്ങളിൽ ഒടുക്കിയിട്ടില്ല. 1996 ലെ കേരള തൊഴിൽ നികുതി ചട്ടങ്ങൾ 13, 14 എന്നിവ പ്രകാരം എല്ലാ ജീവനക്കാരുടെയും പട്ടിക ആവശ്യപ്പെടേണ്ടതും, ബാധകമായ തൊഴിൽ നികുതി ഈടാക്കേണ്ടതുമായിരുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് സ്ഥാപനം നേരിട്ട് വേതനം നൽകാത്തതിനാലും, പുറംസേവനകരാർ മുഖേനയാണ് ഹൗസ് കീപ്പിങ്ങ് വിഭാഗം, സെക്യൂരിറ്റി വിഭാഗം എന്നിവിടങ്ങളിൽ ജീവനക്കാരെ നിയമിക്കുന്നതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന് അർഹമായ തൊഴിൽ നികുതി യഥാസമയം ഡിമാന്റ് ചെയ്ത് ഈടാക്കാതിരുന്നത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും നികുതി പിരിവിന് ചുമതലയുള്ള ഉദ്യോഗസ്ഥരുടെയും വീഴ്ചയാണ്.

**ഓഡിറ്റ് നിർദ്ദേശം**

1)1996 ലെ കേരള തൊഴിൽ നികുതി ചട്ടങ്ങൾ 4 അനുസരിച്ച് ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിൽ ഒരു കമ്പനിക്കോ അല്ലെങ്കിൽ വ്യക്തിക്കോ വ്യക്തികൾക്കോ ആഫീസോ, ജോലിസ്ഥലമോ ഉണ്ടെങ്കിൽ അങ്ങനെയുള്ള കമ്പനി ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിൽ ബിസിനസ് ചെയ്യുന്നതായോ വ്യക്തി തൊഴിലിലോ, കലയിലോ, ജോലിയിലോ, അല്ലെങ്കിൽ നിയമനത്തിലോ ഏർപ്പെട്ടിരിക്കുന്നതായോ കരുതപ്പെടുന്നതാണ്. ആയതിനാൽ പി. കെ. ദാസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലെ ഹൗസ് കീപ്പിങ്ങ് വിഭാഗം, സെക്യൂരിറ്റി വിഭാഗം മുതലായവയുൾപ്പെടെ സ്ഥാപനത്തിൽ പുറം സേവന കരാർ പ്രകാരം ജോലി ചെയ്യുന്ന ജീവനക്കാരുടെ 2019-20 ഒന്ന്, രണ്ട് അർധ വർഷങ്ങളിലെ തൊഴിൽ നികുതി കുടിശ്ശിക പലിശ സഹിതം ഈടാക്കേണ്ടതാണ്.

2)സ്ഥാപനത്തിൽ നേരിട്ടും, കരാർ – താൽക്കാലിക അടിസ്ഥാനത്തിലും, ഔട്ട്സോഴ്സിങ്ങ് മുഖേനയും ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം, തരം, അർധ വാർഷിക വരുമാനം എന്നിവ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തി റിട്ടേണുകൾ സമർപ്പിക്കാൻ സ്ഥാപനത്തിന് നിർദേശം നൽകേണ്ടതാണ്.

**1-13 തൊഴിൽ നികുതി റിട്ടേണുകൾ ക്രമപ്രകാരമാണോയെന്ന് പരിശോധന നടത്തുന്നില്ല**

പി. കെ. ദാസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലെ 2019-20 ഒന്ന്, രണ്ട് അർധ വർഷങ്ങളിലെ തൊഴിൽ നികുതി പത്രികകളുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1) 2019-20 രണ്ടാം അർധ വർഷം ജീവനക്കാരുടെ തൊഴിൽ നികുതി പത്രികയിൽ വിമുക്തഭടന്മാരായ ജീവനക്കാരുടെ പേര് ഉൾപ്പെടുത്തുകയോ, തൊഴിൽ നികുതി അടവാക്കുകയോ ചെയ്തിട്ടില്ല. ഇതു മൂലം ഗ്രാമ പഞ്ചായത്തിന് തൊഴിൽ നികുതി ഇനത്തിൽ ഗണ്യമായ നഷ്ടം ഉണ്ടായിട്ടുണ്ട്.

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം 4/19.10.21 ന് നൽകിയ മറുപടിയിൽ 2019-20 രണ്ടാം അർധ വർഷം ഉൾപ്പെടാത്ത വിമുക്ത ഭടന്മാരുടെയും, ഭിന്ന ശേഷിക്കാരുടെയും വിവരങ്ങൾ ശേഖരിച്ച് ബാധകമായവരുടെ തൊഴിൽ നികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

2)2019-20 ഒന്നാം അർധ വർഷത്തിലെ തൊഴിൽ നികുതി പത്രികയിൽ ഉൾപ്പെട്ട നിരവധി പേർ 2019-20 രണ്ടാം അർധ വർഷത്തിൽ ഉൾപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് വിവരങ്ങൾ തൊഴിൽ നികുതി പത്രികയിൽ രേഖപ്പെടുത്തിയിട്ടുമില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| അർധ വർഷം | ജീവനക്കാരുടെ എണ്ണം | അടവാക്കിയ തൊഴിൽ നികുതി | ഡോക്ടർമാരുടെ എണ്ണം | അടവാക്കിയ തൊഴിൽ നികുതി | ആകെ |
|---|---|---|---|---|---|
| ഒന്നാം അർധ വർഷം | **608** | 362680.00 | **250** | 246490.00 | 609170.00 |
| രണ്ടാം അർധ വർഷം | **554** | 346010.00 | **132** | 149330.00 | 495340.00 |

ജീവനക്കാരുടെ രാജി, പിരിച്ചുവിടൽ മുതലായ കാര്യങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ തൊഴിൽ നികുതി പത്രികയിൽ രേഖപ്പെടുത്താത്തതിനാലും, മതിയായ പരിശോധനകൾ നടത്താതെയും തൊഴിൽ നികുതി പത്രികകൾ സ്വീകരിച്ചതു മൂലം തൊഴിൽ

നികുതി ഒടുക്കിയതിന്റെ കൃത്യത ഉറപ്പുവരുത്തുവാൻ കഴിയുന്നില്ല.

2019-20 ഒന്നാം അർധ വർഷത്തിലെ തൊഴിൽ നികുതി പത്രികയിൽ ഉൾപ്പെട്ട ജീവനക്കാരും ഡോക്ടർമാരും 2019-20 രണ്ടാം അർധ വർഷത്തിലെ തൊഴിൽ നികുതി പത്രികയിൽ ഉൾപ്പെടുത്താതിരുന്നതിന്റെ കാരണം ലഭ്യമാക്കി അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണം 4/19.10.21 ന് സ്ഥാപനത്തിൽ നിന്നും കാരണം ലഭ്യമാക്കി അറിയിക്കുന്നതാണെന്നാണ് മറുപടി ലഭിച്ചത്.

3)എസ് ആർ ഒ നം .245/2018 & സർക്കാർ ഉത്തരവ് പി നം.33/2018/തൊഴിൽ തീയതി 23.4.2018 പ്രകാരം സംസ്ഥാനത്തെ സ്വകാര്യ ആശുപത്രി ജീവനക്കാരുടെ കുറഞ്ഞ വേതന നിരക്കുകൾ 2017 ഒക്ടോബർ 1 പ്രാബല്യത്തിൽ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ സ്ഥാപനം സമർപ്പിച്ചിരിക്കുന്ന തൊഴിൽ നികുതി പത്രികകളിൽ ഭൂരിഭാഗം ജീവനക്കാരുടെയും വേതന നിരക്കുകൾ ഈ ഉത്തരവിന് അനുസൃതമല്ല.

1996 ലെ കേരള തൊഴിൽ നികുതി ചട്ടങ്ങൾ 14, 16 എന്നിവയനുസരിച്ചുള്ള ഫോം നം.2 വിൽ മതിയായ വിവരങ്ങൾ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള തൊഴിൽ നികുതി റിട്ടേണുകൾ സ്വീകരികാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണം 4/19.10.21 ന് സ്ഥാപനത്തിൽ നിന്നും വിവരശേഖരണം നടത്തി ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടുണ്ട്.

4)2019-20 ഒന്ന്, രണ്ട് അർധ വർഷങ്ങളിലെ തൊഴിൽ നികുതി പത്രികകളിൽ ഏതാനും ജീവനക്കാർ ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെട്ടവരാണെന്ന് രേഖപ്പെടുത്തി തൊഴിൽ നികുതി ഒടുക്കിയിട്ടില്ല. എന്നാൽ ഈ ജീവനക്കാർക്ക് മെഡിക്കൽ ബോർഡിൽ നിന്നും അനുവദിച്ച ഭിന്നശേഷി സർട്ടിഫിക്കറ്റിന്റെ പകർപ്പ് തൊഴിൽ നികുതി പത്രികകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല. ആയതിന്റെ പകർപ്പ് പരിശോധനക്ക് ഹാജരാക്കുവാൻ ഓഡിറ്റ് അന്വേഷണം 4/19.10.21 ന് ഭിന്നശേഷി സർട്ടിഫിക്കറ്റിന്റെ പകർപ്പ് സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കി ഹാജരാക്കാമെന്ന് അറിയിച്ചിട്ടുണ്ട്.

**ഓഡിറ്റ് നിർദ്ദേശം**

1)തൊഴിൽ നികുതി റിട്ടേണുകൾ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (1994-ലെ 13) 204-ഉം, 205-ഉം 254-ഉം വകുപ്പുകൾ, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ , 1948 ലെ മിനിമം വേജസ് ആക്ട്, 1995 ലെ THE PERSONS WITH DISABILITIES (EQUAL OPPORTUNITIES, PROTECTION OF RIGHTS AND FULL PARTICIPATION), അനുബന്ധ ഉത്തരവുകളും സർക്കുലറുകളും, എന്നിവയിലെ വ്യവസ്ഥകൾക്കും, നിർദ്ദേശങ്ങൾക്കും അനുസൃതമാണോയെന്ന് പരിശോധന നടത്തി സ്വീകരിക്കേണ്ടതാണ്.

2) 2019-20 രണ്ടാം അർധ വർഷം ജീവനക്കാരുടെ തൊഴിൽ നികുതി പത്രികയിൽ ഉൾപ്പെടാത്ത വിമുക്തഭടന്മാരുടെ പട്ടികയും, അർധവർഷ വരുമാനത്തിനു ബാധകമായ തൊഴിൽ നികുതി പിഴപലിശ സഹിതം ഈടാക്കിയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്.

**1-14 4/1264 -ാം നമ്പർ കെട്ടിടത്തിന് ചട്ടവിരുദ്ധമായി നികുതി ഇളവ് അനുവദിച്ചു**

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, നം. 36/2015/ത.സ്വ.ഭ.വ. തീ 24.2.15 ഭേദഗതി ചട്ടങ്ങൾ (4 എ )എന്നിവ പ്രകാരം വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിൻറെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ഓഡിറ്റോറിയം, കാൻറീൻ, വർക്ക്ഷോപ്പ് എന്നിവ ഉറപ്പ് (അണ്ടർടേക്കിങ്ങ്) ന്റെ അടിസ്ഥാനത്തിൽ ചതുരശ്രമീറ്ററിന് മൂന്നു മുതൽ എട്ടു വരെ രൂപ നിരക്കിൽ വസ്തുനികുതി ചുമത്താമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്തിൽ ഈ വിഭാഗത്തിലെ കെട്ടിടങ്ങൾക്ക് ചതുരശ്രമീറ്ററിന് 3 രൂപ നിരക്കിൽ നികുതി നിശ്ചയിച്ചിട്ടുണ്ട്. ഇത്തരത്തിൽ നികുതി ഇളവ് അനുവദിക്കുന്ന കെട്ടിടങ്ങൾ വിദ്യാഭ്യാസ ആവശ്യങ്ങൾക്കല്ലാതെ പുറം വാടകയ്ക്ക് നൽകുന്നതല്ല എന്നും അങ്ങനെ നൽകുന്നതായി കണ്ടെത്തുന്ന പക്ഷം നികുതിയിളവ് നൽകിയ തീയതി മുതൽ ഇതേ വിഭാഗം കെട്ടിടങ്ങൾക്ക് അതതുകാലങ്ങളിൽ ബാധകമായ വസ്തുനികുതി ഒടുക്കി കൊള്ളാമെന്നും കെട്ടിട ഉടമസ്ഥൻ/മാനേജ്മെൻറ് ഒരു ഉറപ്പ് (അണ്ടർടേക്കിങ്ങ്) നൽകേണ്ടതാണ് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

4/1264 -ാം നമ്പർ കെട്ടിടത്തിൽ കാന്റീൻ നടത്തുന്നതിന് ശ്രീ.ഹസ്സൻ എന്ന വ്യക്തിക്ക് കെട്ടിട ഉടമ വാടകക്ക് നൽകുകയും, ഗ്രാമ പഞ്ചായത്തിന്റെ 2019-20 വർഷത്തെ ഫാക്ടിയോസ് ലൈസൻസ് രജിസ്റ്റർ പേജ് നം.75 ക്രമ നം.399 പ്രകാരം ടി കെട്ടിടത്തിൽ കാന്റീൻ നടത്തുന്നതിന് ശ്രീ.ഹസ്സന് ലൈസൻസ് നൽകിയിട്ടുമുണ്ട്. അപേക്ഷയൊടൊപ്പം ഹാജരാക്കിയ കരാർപത്ര പ്രകാരം പൊതുജനങ്ങൾക്ക് കൂടി സേവനം നൽകുന്ന ആശുപത്രി കാന്റീൻ നടത്തുന്നതിനാണ് ലൈസൻസ് അപേക്ഷിച്ചിരിക്കുന്നതും ഗ്രാമ പഞ്ചായത്ത് ലൈസൻസ് അനുവദിച്ചിരിക്കുന്നതും. സഞ്ചയ, ഫാക്ടിയോസ് ലൈസൻസ് രജിസ്റ്റർ എന്നിവയിലെ വിവരങ്ങൾ അനുസരിച്ച് 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, സർക്കാർ ഉത്തരവ് നം.36/2015/ത.സ്വ.ഭ.വ തീയതി 24.2.15 ഭേദഗതി ചട്ടങ്ങൾ (4 എ) മുതലായവയിലെ വ്യവസ്ഥകൾക്കു വിരുദ്ധമായി 4/1264 -ാം നമ്പർ കെട്ടിടത്തിന് നികുതി ഇളവ് അനുവദിച്ചതിനാൽ ഗ്രാമ പഞ്ചായത്തിന് താഴെ പറയും പ്രകാരം വസ്തു നികുതി ഇനത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| കെട്ടിട നം. | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം (ച:മീ) | കെട്ടിടത്തിന്റെ ഉപയോഗക്രമത്തിന്റെ വിവരണം | നിർണ്ണയിച്ച അടിസ്ഥാന വസ്തു നികുതി നിരക്ക് (ച.മീ) | അടിസ്ഥാന വസ്തു നികുതി | നിർണ്ണയിക്കേണ്ടിയിരുന്ന കെട്ടിടത്തിന്റെ ഉപയോഗക്രമത്തിന്റെ | നിർണ്ണയിക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തു നികുതി നിരക്ക് (ച.മീ) | നിർണ്ണയിക്കേണ്ടിയിരുന്ന വാർഷിക വസ്തു നികുതി | കുറവ് |
|---|---|---|---|---|---|---|---|---|---|

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | | | | വിവരണം | | | |
| 4/1264 | ചെയർമാൻ ആന്റ് മാനേജിങ് ട്രസ്റ്റി, പി.കെ. ദാസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്സ്, വാണിയംകുളം, | 968.7 | വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം കാൻറീൻ, വർക്ക്ഷോപ്പ് | 3 | 4121.00 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | 60 | 82387.95 | 78266.95 |

ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം 7/21.10.21 ന് ലഭ്യമാക്കിയ മറുപടിയിൽ 4/1264 -ാം നമ്പർ കെട്ടിടത്തിന്റെ വസ്തു നികുതി പുനർനിർണ്ണയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

**ഓഡിറ്റ് നിർദ്ദേശം**

1) 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, സ.ഉ. നം 36/2015/ത.സ്വ.ഭ.വ. തീ.24.2.15 ഭേദഗതി ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി 4/1264 -ാം നമ്പർ കെട്ടിടത്തിന് നികുതി ഇളവ് അനുവദിച്ചത് സംബന്ധിച്ച് ഭരണവകുപ്പ് തലത്തിൽ അന്വേഷണം നടത്തേണ്ടതും, ഗ്രാമ പഞ്ചായത്തിന് വസ്തു നികുതി ഇനത്തിൽ നാളിതു വരെ നഷ്ടപ്പെട്ട തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2) 4/1264 കെട്ടിടം സംബന്ധിച്ച അണ്ടർടേക്കിങ്ങ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

**<u>1-15 ഉപയോഗക്രമത്തിനനുസരിച്ച് വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല</u>**

സഞ്ചയ സോഫ്റ്റ് വെയറിലെ വിവരങ്ങൾ പ്രകാരം താഴെ പറയുന്ന കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗ ക്രമത്തിനനുസരിച്ച് ചുമത്തേണ്ട വസ്തു നികുതി നിർണ്ണയിക്കാത്തതിനാൽ ഗ്രാമ പഞ്ചായത്തിന് വസ്തു നികുതി ഇനത്തിൽ സാരമായ നഷ്ടം വരുന്നുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമയുടെ പേര് | കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം (ച:മീ) | കെട്ടിടത്തിന്റെ ഉപയോഗ ക്രമത്തിന്റെ വിവരണം | നിർണ്ണയിച്ച അടിസ്ഥാന വസ്തു നികുതി നിരക്ക് (ച.മീ) | ഫാക്ടിയോസ് ലൈസൻസ് നം. | നിർണ്ണയിക്കേണ്ടിയിരുന്ന കെട്ടിടത്തിന്റെ ഉപയോഗ ക്രമത്തിന്റെ വിവരണം | നിർണ്ണയിക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തുനികുതി നിരക്ക് (ച.മീ) |
|---|---|---|---|---|---|---|---|---|
| 1 | 15/140 | കൃഷ്ണകുമാർ | 20 | പാർപ്പിടാവശ്യം | 7 | 280/6.8.19-കത്രിക നിർമ്മാണം | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 50 |
| 2 | 7/563 | സുബ്രമണ്യൻ | 150 | പാർപ്പിടാവശ്യം | 7 | 299/ 24.2.20-സിമൻറ് ഗോഡൗൺ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ | 60 |
| 3 | 17/383 | പി.പി.റഹിയാന | 520.63 | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറിഷെഡ്, കയർപിരി ഷെഡ് | 20 | 68/ 28.4.19 -റഹിയാന-പ്ലാസ കാറ്ററിങ്ങ് | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, | 60 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ | |
| 4 | 4/1264 | ചെയർമാൻ ആന്റ് മാനേജിങ് ട്രസ്റ്റി, പി.കെ.ദാസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്സ്, വാണിയംകുളം. | 22.73 | ആശു പത്രികൾ (മറ്റുള്ളവ) | 8 | 348/ 28.4.19- ചെയർമാൻ- Medical Store | വാണിജ്യാവ ശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ | 45 |
| 5 | 4/1267 | -Do- | 1153.02 | വിദ്യാഭ്യാസാവശ്യം | 5 | 360/2 8.419-ജയ ഭാരതി-ഗേൾസ് ഹോസ്റ്റൽ | സ്വകാര്യ ഹോസ്റ്റൽ , ഹോംസ്റ്റേ | 30 |
| 6 | 8/497 | സേതുമാധവൻ & ഹരിദാസ് | 80 | വ്യവസായത്തി നാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർപിരി ഷെഡ് | 20 | 388/ 28.5.19-അബ്ദുൾ അസീസ്- റോയൽ കാറ്ററിങ്ങ് | വാണിജ്യാവ ശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ | 45 |
| 7 | 4/1188 | സുചിത്ര | 40 | വ്യവസായത്തി നാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർപിരി ഷെഡ് | 20 | 442/ 28.5.19- മുഹമ്മദാലി ശിഹാബ്- ബേക്കറി ഉൽപന്നങ്ങളുടെ വിൽപ്പന | വാണിജ്യാവ ശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ | 45 |
| 8 | 8/542 | സുബ്രമണ്യൻ | 70 | പാർപ്പിടാവശ്യം | 7 | 462/ 13.4.19- ജോൺ.കെ.പോൾ- Popular Vehicles | വാണിജ്യാവ ശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ | 45 |
| 9 | 1/643 | രമാദേവി | 14.69 | വ്യവസായത്തി നാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർപിരി ഷെഡ് | 20 | 628/5.12.19- വിഷ്ണു.ബി- ആട്ട, മൈദ ഗോഡൗൺ & വിൽപ്പന | വ്യവസായത്തി നാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർപിരി ഷെഡ് വാണിജ്യാവ ശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 45 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 10 | 15/246 A | നാരായണൻ, കാർത്തികേയൻ &ജയകൃഷ്ണൻ | 156.17 | വ്യവസായത്തി നാവശ്യമുള്ളവ-കൈത്തറിഷെഡ്, കയർപിരി ഷെഡ് | 20 | 401/ 15.10.19-ജയ കൃഷ്ണൻ | ഇതരവ്യവസായങ്ങൾ ക്കാവശ്യമുള്ളവ | 50 |
| 11 | 4/1467 | മാനേജിംഗ് ട്രസ്റ്റി, പികെ ദാസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, | 57.14 | ആശു പത്രികൾ ( മറ്റുള്ളവ) | 8 | Pharmacy Store(As Per Sanchya) | വാണിജ്യാവ ശ്യത്തിനു ള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ | 45 |
| 12 | 4/1468 | -Do- | 65.32 | ആശു പത്രികൾ (മറ്റുള്ളവ) | 8 | Medi Cal Store(As Per Sanchya) | വാണിജ്യാവ ശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൗൺ | 45 |

കൂടാതെ പി.കെ. ദാസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൻ സയൻസിന്റെ ഉടമസ്ഥതയിലുള്ള കെട്ടിട നമ്പറുകൾ 4/1029 മുതൽ 1037 വരെയുള്ളവയിൽ പ്രവർത്തിക്കുന്ന കഫ്റ്റീരിയ, വെൽനസ്സ് സെന്റർ, ഗോഡൗണുകൾ തുടങ്ങിയ ആശുപത്രി ഇതര ഉപയോഗത്തിലുള്ള കെട്ടിട ഭാഗങ്ങൾക്ക് 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുസരിച്ച് ഉപയോഗ ക്രമത്തിനനുസരിച്ച് ചുമത്തേണ്ട വസ്തു നികുതി നിർണ്ണയിക്കാത്തതു മൂലം ഗ്രാമ പഞ്ചായത്തിന് വസ്തു നികുതി ഇനത്തിൽ ഗണ്യമായ നഷ്ടം ഉണ്ടാകുന്നുണ്ട്.

**<u>ഓഡിറ്റ് നിർദ്ദേശം</u>**

1)തെറ്റായ ഉപയോഗ ക്രമം രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വസ്തു നികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

2)വസ്തു നികുതി നിർണ്ണയ വേളയിൽ കെട്ടിടത്തിലെ കേന്ദ്രീകൃത എയർ കണ്ടീഷനിംഗ് സംവിധാനം, കെട്ടിടത്തിൻറെ ഉപയോഗക്രമം എന്നിവ കൃത്യമായി പരിശോധിക്കേണ്ടതും, ഫയൽ/സഞ്ചയയിൽ ഇത് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതുമാണ്.

3)ഫാക്ടറിയോസ് അനുവദിക്കുന്ന വേളയിൽ ലൈസൻസ് അനുവദിക്കുന്ന ഇനത്തിന് ബാധകമായ വസ്തു നികുതി കെട്ടിടത്തിന് നിർണ്ണയിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

4)നിയതമായ നടപടിക്രമങ്ങൾ പൂർത്തികരിച്ച് മാത്രം കെട്ടിടങ്ങളുടെ നികുതിനിർണയം നടത്തേണ്ടതാണ്. ഫയലിലും സഞ്ചയയിലും ഇത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണ്.

**<u>1-16 കരാറുകാരന് പ്രവൃത്തിയുടെ തുക അനുവദിച്ചപ്പോൾ ടാർ ബാരലിന്റെ തുക ഈടാക്കിയിട്ടില്ല.</u>**

2019-20 ൽ പൂർത്തീകരിച്ചിട്ടുള്ള റോഡ് ടാറിംഗ് പ്രവൃത്തികളിൽ കരാറുകാരാണ് ബിറ്റുമിൻ വാങ്ങിയിരിക്കുന്നത്. പ്രൈസ് സോഫ്റ്റ് വെയർ മുഖേന നിരക്കുകൾ കണക്കാക്കിയിട്ടുള്ള (With Packed Bitumin Rates) ഇവയുടെ ഫൈനൽ ബില്ലുകളിൽ നിന്നും ബിറ്റുമിൻ ബാരൽ വില കുറവു ചെയ്തതിനുശേഷമാണ് കരാറുകാർക്ക് തുക നൽകേണ്ടത്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ നിന്നും ബിറ്റുമിൻ ബാരൽ വില ഈടാക്കാതെയാണ് കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നത് . ഈ പ്രവൃത്തികളുടെ അളവു പുസ്തകങ്ങളിൽ ബിറ്റുമിൻ Adequacy കണക്കാക്കി നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 295/-രൂപ നിരക്കിൽ ബാരലിന്റെ വില 56935/-രൂപ കരാറുകാരിൽ നിന്ന് ഈടാക്കേണ്ടതും, ഇതിൽ 46687/-രൂപ പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതും 10248/- രൂപ ജി.എസ്.ടി നിർദ്ദിഷ്ട ശീർഷകത്തിൽ ഒടുക്കേണ്ടതുമാണ്. (വിശദവിവരങ്ങൾക്ക് ഖണ്ഡിക 3-1 കാണുക.)

**<u>1-17 തെരുവു നായ്ക്കളുടെ പ്രജനന നിയന്ത്രണ പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല</u>**

തെരുവ് നായ പ്രജനന നിയന്ത്രണ പദ്ധതിയ്ക്കായി പാലക്കാട് ജില്ലാ പഞ്ചായത്തും വിവിധ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും സംയുക്തമായി നടപ്പിലാക്കുന്ന പ്രോജക്റ്റ് ആണ് ഇത്. ആയതിലേക്കായി ഗ്രാമപഞ്ചായത്ത് നൽകിയ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| പ്രോജക്റ്റ് നമ്പറും പേരും | 33/20- തെരുവു നായ്ക്കളുടെ പ്രജനന നിയന്ത്രണ പദ്ധതി |
| അടങ്കൽ | 3,50,000 (തനതു |

| | |
|---|---|
| | ഫണ്ട്) |
| ചെലവ് | ₹.3,50,000 (ചെക്ക് നമ്പർ- 1850977/30.07.19) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

തെരുവ് നായ പ്രജനന നിയന്ത്രണ പദ്ധതിയ്ക്കായി പാലക്കാട് ജില്ലാ പഞ്ചായത്തിലേക്ക് വാണിയംകുളം ഗ്രാമ പഞ്ചായത്തിന്റെ വിഹിതമായ ₹.3,50,000 രൂപ ഗ്രാമപഞ്ചായത്ത് സെക്രട്ടറി കൈമാറിയിട്ടുണ്ട്. ഒരു നായയെ വന്ധ്യംകരിക്കുന്നതിന് 1500 രൂപയാണ് ജില്ലാ പഞ്ചായത്ത് ചെലവ് കണക്കാക്കിയിട്ടുള്ളത്. ഈ കണക്കനുസരിച്ച് ഗ്രാമപഞ്ചായത്തിലെ 233 നായ്ക്കളെയെങ്കിലും വന്ധ്യംകരിക്കേണ്ടതാണ്. തെരുവ് നായ പ്രജനന നിയന്ത്രണ പദ്ധതി (എ.ബി.സി പ്രോഗ്രാം) യ്ക്കായി പാലക്കാട് ജില്ലാ പഞ്ചായത്തിലേക്ക് തുക കൈമാറിയതിന്റെ വിനിയോഗ സാക്ഷ്യപത്രം, പ്രസ്തുത പദ്ധതിയിലൂടെ നായ്ക്കളെ വന്ധ്യംകരിച്ചതിന്റെ വിശദാംശങ്ങൾ എന്നിവ ഓഡിറ്റിനെ അറിയിക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.09/21.102021) വിനിയോഗ സാക്ഷ്യപത്രം നൽകുന്നതിന് ജില്ലാ പഞ്ചായത്തിലേക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

